കേരള സർക്കാർ

നം.76/2018/ധന

ധനകാര്യ ( ലോൺസ്) വകുപ്പ്
തിരുവനന്തപുരം
തീയതി: 21/08/2018

## പരിപത്രം

വിഷയം:- ബഹു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സംസ്ഥാന സർക്കാർ ജീവനക്കാരുടെ 2017-18-ലെ പ്രത്യേക ഉത്സവബത്ത നൽകുന്നതിനുള്ള നിർദ്ദേശങ്ങൾ സംബന്ധിച്ച്.

സൂചന:- 1. 08/08/2018-ലെ സ.ഉ.(അച്ചടി) നം.124/2018/ധന.
2. 18/08/18-ലെ സ.ഉ.(അച്ചടി) നം.134/2018/ധന.

സമാനതകളില്ലാത്ത പ്രളയ ദുരന്തത്തിൽ നിന്നും ജനങ്ങളെ കൈപിടിച്ചുയർത്തുവാൻ സംസ്ഥാന സർക്കാർ കൈക്കൊണ്ടുവരുന്ന നടപടികളുടെ ഭാഗമായി സംസ്ഥാന സർക്കാർ ജീവനക്കാർക്ക് 2017-18-ൽ സൂചന 1 ഉത്തരവ് പ്രകാരം അനുവദിച്ച 2,750/-രൂപ (രണ്ടായിരത്തി എഴുനൂറ്റി അമ്പത് രൂപ മാത്രം) പ്രത്യേക ഉത്സവബത്ത ബഹു: മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് ജീവനക്കാരുടെ സംഭാവനയായി നൽകി സൂചന 2 പ്രകാരം ഉത്തരവായിരുന്നു.

ഈ സാഹചര്യത്തിൽ സൂചന 1 ഉത്തരവ് അടിസ്ഥാനപ്പെടുത്തി ജീവനക്കാർക്ക് 2,750/-രൂപ (രണ്ടായിരത്തി എഴുനൂറ്റി അമ്പത് രൂപ മാത്രം) ഉത്സവബത്ത അനുവദിക്കുന്ന സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള എല്ലാ സ്ഥാപനങ്ങളും സൂചന 2 ഉത്തരവിലെ നിർദ്ദേശം പാലിച്ചുകൊണ്ട് ഉത്സവബത്തയ്ക്കായി മാറ്റി വച്ചിട്ടുള്ള മുഴുവൻ തുകയും ബഹു.മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് നൽകേണ്ടതാണ്. പ്രസ്തുത തുക തിരുവനന്തപുരം ജില്ലാ ട്രഷറിയിൽ ധനകാര്യ പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേരിലുള്ള 701010200000080 നമ്പർ

ട്രഷറി അക്കൗണ്ടിലേയ്ക്കും ബാങ്ക് മുഖേന ശമ്പളം നൽകുന്ന സ്ഥാപനങ്ങൾ SBI A/c No.67319948232-ലേയ്ക്കും ഉടനടി വരവ് ചെയ്യേണ്ടതും വിശദ വിവരം ധനകാര്യ (ഫണ്ട്സ്) വകുപ്പിനെ അറിയിക്കേണ്ടതാണെന്നും എല്ലാ ഡി.ഡി.ഒ-മാർക്കും ഇതിനാൽ നിർദ്ദേശം നൽകുന്നു.

**മനോജ് ജോഷി**
ധനകാര്യ പ്രിൻസിപ്പൽ സെക്രട്ടറി

<u>പകർപ്പ്:-</u>

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ ( എ ആന്റ് ഇ/ ജി ആന്റ് എസ്.എസ്.എ), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ ( ഇ ആന്റ് ആർ.എസ്.എ)കേരളം, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരളം, കോട്ടയം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്.
എല്ലാ വകുപ്പ് തലവൻമാർ, ഓഫീസർമാർക്ക്.
സെക്രട്ടറിയേറ്റിലെ എല്ലാ വകുപ്പുകൾ, സെക്ഷനുകൾക്ക്.
സെക്രട്ടറി, കേരള പബ്ലിക് സർവീസ് കമ്മീഷൻ.
എല്ലാ യൂണിവേഴ്സിറ്റികളുടെയും രജിസ്ട്രാർമാർക്ക്.
സെക്രട്ടറി, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ്.
മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ
രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം.
എല്ലാ ഗവൺമെന്റ് അഡീഷണൽ ചീഫ് സെക്രട്ടറിമാർ / പ്രിൻസിപ്പൽ സെക്രട്ടറിമാർ/ സെക്രട്ടറിമാർ/ സ്പെഷ്യൽ സെക്രട്ടറിമാർ/ അഡീഷണൽ സെക്രട്ടറിമാർ/ ജോയിന്റ് സെക്രട്ടറിമാർ/ ഡെപ്യൂട്ടി സെക്രട്ടറിമാർ/ അണ്ടർ സെക്രട്ടറിമാർ.
ഗവർണ്ണറുടെ സെക്രട്ടറി, രാജ് ഭവൻ, തിരുവനന്തപുരം.
മുഖ്യമന്ത്രിയുടേയും മറ്റ് മന്ത്രിമാരുടേയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്.
സ്പീക്കറുടെയും ഡെപ്യൂട്ടി സ്പീക്കറുടെയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്.
പ്രതിപക്ഷനേതാവിന്റെയും ഗവൺമെന്റ് ചീഫ് വിപ്പിന്റെയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്.
മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണർ, കേരളം.
പൊതുജന സമ്പർക്ക വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
പബ്ലിക് റിലേഷൻസ് ഡയറക്ടർ, തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, കേരളം, തിരുവനന്തപുരം.
ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറി
റിസർവ് ബാങ്ക് ഓഫ് ഇൻഡ്യ ഗവൺമെന്റ് ആന്റ് ബാങ്ക് അക്കൗണ്ട്സ് (എൻ.ബി) സെക്ഷൻ, ബന്ദ്ര (ഇ), മുംബൈ.
എല്ലാ ദേശസാത്കൃത ബാങ്കുകളുടെയും ഹെഡ് ഓഫീസുകൾ.
നോഡൽ ഓഫീസർ, ധനകാര്യം
കരുതൽ കോപ്പി/ ആഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ